# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.റ്റി 5873- 30/07/2015 - ലെ മറുപടിക്ക്**

**കേരളത്തിന്റെ സാമ്പത്തിക വളർച്ച നിരക്ക്**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.കെ.മുരളിധരൻ**<br>**ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.ജോസഫ് വാഴയ്ക്കൻ** | **ശ്രീ. കെ. എം. മാണി**<br>**(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാരിന്റെ കാലത്ത് കേരളത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് ദേശീയ നിരക്കിനെക്കാൾ മുന്നിലെത്തിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;<br>(ബി) എങ്കിൽ വിശദാംശങ്ങൾ നല്കാമോ; | ഈ സർക്കാരിന്റെ കാലത്ത് കേരളത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ദേശീയ നിരക്കിനേക്കാൾ മുന്നിലെത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>(ശതമാനത്തിൽ) |
| (സി) പ്രസ്തുത വളർച്ചാനിരക്ക് കൈവരിക്കാൻ എന്തെല്ലാം നയങ്ങളും കാര്യപരിപാടികളുമാണ് നടപ്പാക്കിയിട്ടുള്ളത് ? | സംസ്ഥാനത്തിന്റെ വികസനം ഉത്തേജിപ്പിക്കുന്നതിനും സമ്പദ്‌വ്യവസ്ഥയിൽ സുസ്ഥിര പുരോഗതി ഉറപ്പുവരുത്തുന്നതിനുള്ള പ്രത്യേക നയങ്ങളും പദ്ധതികളും നടപ്പിലാക്കിയതും അടിസ്ഥാന വികസനം, കൃഷി, വിനോദ സഞ്ചാരം, മൃഗസംരക്ഷണം, ഗ്രാമവികസനം, വിവരസാങ്കേതികം എന്നീ മേഖലകൾക്ക് കൂടുതൽ ഊന്നൽ നൽകികൊണ്ടുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയതും കാരണമാണ് ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തിന് ദേശീയ വളർച്ച നിരക്കിനേക്കാൾ മെച്ചപ്പെട്ട സാമ്പത്തിക വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചത്. |

| വർഷം | ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപ്പന്നത്തിന്റെ വളർച്ചാനിരക്ക് | മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പന്നത്തിന്റെ വളർച്ചാനിരക്ക് |
|---|---|---|
| 2011-12 | 15.77 | 16.73 |
| 2012-13 | 11.88 | 13.46 |
| 2013-14 | 11.54 | 15.35 |

*അക്കൗണ്ട്സ് ഓഫീസർ*